(ഇ) പുതുതായി നിയമന നടപടികൾ നടത്താത്ത സാഹചര്യത്തിൽ ഇവരുടെ വേതനത്തിന് എന്തെങ്കിലും തീർപ്പ് കല്പിച്ച് നടപടി ഉണ്ടാകുമോ ?

ഉത്തരം

(എ) 3-8-2011-ലെ സ.ഉ.(കൈ) നമ്പർ167/11/ പൊവി. പ്രകാരം 2011-12 അധ്യയന വർഷം സർക്കാർ എയ്ഡഡ് മേഖലയിൽ 550 അധിക ബാച്ചുകൾ അനുവദിക്കുകയുണ്ടായി.

(ബി) സർക്കാർമേഖലയിലേക്കുള്ള അധ്യാപക തസ്തികകൾ 31-8-2013-ലെ സ.ഉ.(കൈ) നമ്പർ 246/13/പൊവി. പ്രകാരവും എയ്ഡഡ് മേഖലയിലേക്കുള്ള അധ്യാപക തസ്തികകൾ 15-7-2013-ലെ സ.ഉ.(കൈ) നമ്പർ.201/13 പൊവി. പ്രകാരവും അനുവദിക്കുകയുണ്ടായി.

(സി) അധികമായി അനുവദിച്ച ബാച്ചുകളിൽ സ്ഥിരം തസ്തിക സൃഷ്ടിക്കുന്നതുവരെ നിയമിക്കപ്പെട്ട ഗസ്റ്റ് അധ്യാപകർക്ക് വേതനം ലഭ്യമായിട്ടില്ല. സ്ഥിരനിയമനം നേടിയ അധ്യാപകർക്ക് ശമ്പളം ഇല്ലാതാകുന്ന അവസ്ഥ ഇല്ല.

(ഡി) നിയമാനുസൃത നിയമനങ്ങൾ അസാധുവാക്കിയിട്ടില്ല.

(ഇ) ഗസ്റ്റ് അധ്യാപകർക്ക് വേതനം നൽകുന്നത് സംബന്ധിച്ച് ഹയർസെക്കണ്ടറി ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ പ്ലസ് ടു സീറ്റുകൾ

114 (7081) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ ആകെ എത്ര പ്ലസ് ടു സീറ്റുകൾ നിലവിലുണ്ടെന്ന് ജില്ലതിരിച്ച് അറിയിക്കുമോ ; എസ്.എസ്.എൽ.സി. പാസ്സായി പ്ലസ് ടു പഠനയോഗ്യത നേടിയ ആകെ വിദ്യാർത്ഥികളുടെ എണ്ണവും ജില്ലതിരിച്ച് അറിയിക്കുമോ ;

(ബി) പ്ലസ് ടു പഠനയോഗ്യത നേടിയ മുഴുവൻ വിദ്യാർത്ഥികൾക്കും പ്രവേശനം നൽകുന്നതിന് മതിയായ സംവിധാനം ഇപ്പോൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ശേഷിക്കുന്ന വിദ്യാർത്ഥികളുടെ പഠനാവശ്യം നിർവ്വഹിക്കുവാൻ എന്തു നടപടികൾ കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 2014-15 അധ്യയന വർഷം സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ നിലവിലുള്ള പ്ലസ് ടു സീറ്റുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം I ചേർക്കുന്നു. 2014 മാർച്ചിൽ എസ്/എസ്/എൽ/സി. പാസ്സായ കുട്ടികളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം II ആയി ചേർക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല. സംസ്ഥാനത്ത് അധിക ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിച്ച് സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

കൊട്ടാരക്കര മണ്ഡലത്തിലെ സ്കൂളുകളിൽ പ്ലസ് ടു-വിന് അധിക ബാച്ചുകൾ

115 (7082) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളിലാണ് പ്ലസ് ടു-വിന് അധിക ബാച്ചുകൾ അനുവദിച്ചിട്ടുള്ളത് ; ഏതൊക്കെ വിഷയങ്ങൾ അനുവദിച്ചുവെന്ന് സ്കൂൾതിരിച്ച് വ്യക്തമാക്കുമോ ;

(ബി) കൊട്ടാരക്കര മണ്ഡലത്തിലെ പെരുംകുളം ഗവൺമെന്റ് പി.വി.എച്ച്.എസിൽ ഹയർ സെക്കണ്ടറി സ്കൂൾ അനുവദിക്കണമെന്ന അപേക്ഷയിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കുമോ ?

ഉത്തരം

(എ) ഈ വർഷം ഹയർസെക്കണ്ടറി അധിക ബാച്ചുകൾ അനുവദിച്ചിട്ടില്ല.

(ബി) ഇപ്പോൾ പുതുതായി ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കേണ്ടതില്ലായെന്ന് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്.

വൈക്കം നിയോജകമണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ പ്ലസ് ടു, വി.എച്ച്.എസ്.സി സീറ്റുകൾ

116 (7083) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജകമണ്ഡലത്തിലെ വിവിധ സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ എത്ര പ്ലസ് ടു, വി.എച്ച്.എസ്.സി. സീറ്റുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) 2013-2014 അദ്ധ്യയനവർഷം സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ പ്ലസ് ടു, വി.എച്ച്.എസ്.സി. സീറ്റുകൾ ആവശ്യക്കാരില്ലാതെ ഒഴിഞ്ഞുകിടന്നിരുന്നോയെന്നും ഉണ്ടെങ്കിൽ എത്ര സീറ്റുകളെന്നും വെളിപ്പെടുത്തുമോ ;

(സി) കഴിഞ്ഞ വർഷത്തിൽ നിന്നും കൂടുതലായി ഇത്തവണ വൈക്കം മണ്ഡലത്തിലെ സ്കൂളുകളിൽ പ്ലസ് ടു, വി.എച്ച്.എസ്.സി. സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര സീറ്റുകളെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹയർ സെക്കണ്ടറിക്ക് 2696 സീറ്റുകളും വി.എച്ച്.എസ്.സിക്ക് 300 സീറ്റുകളും നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly